DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15.03.2019

# കാർഷികമേഖലാവാർത്തകൾ

## ലോഗോ മത്സരത്തിന് അപേക്ഷിക്കാം

മലപ്പുറം ജില്ലയിലെ **'എടയൂർ മുളകിന്'** ഭൗമസൂചികാംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി എടയൂർ മുളകിന്റെ കൃഷി രീതികളും സവിശേഷതകളും പൈതൃകവും ഒത്തുചേരുന്ന ലോഗോ രൂപകല്പന ചെയ്യുന്നതിന് ബൗദ്ധീക സ്വത്തവകാശ സംരക്ഷണ സെല്ല്, കേരള കാർഷിക സർവകലാശാല മത്സരം സംഘടിപ്പിക്കുന്നു. ലോഗോകൾ ഈ മാസം 23-ന് മുമ്പായി കളർ പ്രിന്റും സി.ഡി.യിൽ ഉള്ള സോഫ്റ്റ് കോപ്പിയും സഹിതം കോർഡിനേറ്റർ, ഐ.പി.ആർ.സെൽ, കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി പി.ഒ. തൃശൂർ എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിജയിക്ക് 3000 രൂപ പാരിതോഷികവും സർട്ടിഫിക്കറ്റും ലഭിക്കും. ഒരു വ്യക്തിക്ക് മൂന്ന് ലോഗോകൾ വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9847783895.

## ചിക്ക് സെക്സിംഗ് ആന്റ് ഹാച്ചറി മാനേജ്മെന്റ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലും ചെങ്ങന്നൂർ സെൻട്രൽ ഹച്ചറിയിലും ചിക്ക് സെക്സിംഗ് ആന്റ് ഹാച്ചറി മാനേജ്മെന്റ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു അപേക്ഷകർ

01.01.2019 ന് 25 വയസ്സ് കവിയാത്തവരും എസ്.എസ്.എൽ.സി തതുല്യ യോഗ്യത പാസ്സായവരും ആയിരിക്കണം. അപേക്ഷകർക്ക് കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ച ശക്തി ഉള്ളവരും ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ 500 രൂപ പരിശീലന ഫീസ് പ്രവേശന സമയത്ത് അടക്കേണ്ടതാണ്. പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 10 ആണ്. ഏപ്രിൽ മാസം 24, 25 തീയതികളിൽ നടക്കുന്ന നേരിട്ടുള്ള അഭിമുഖത്തിലൂടെയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. അഭിമുഖ സമയത്ത് എല്ലാ സർട്ടിഫിക്കറ്റുകളുടെയും ഒറിജിനൽ ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം -695043 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## പരിശീലനം

കേരള കാർഷിക സർവ്വകലാശാല മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ മാർച്ച് 19 ന് 'കോഴിവളർത്തൽ' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കോഴിവളർത്തൽ, കൂടിന്റെ ഘടനയും നിർമ്മാണവും, തീറ്റക്രമങ്ങൾ, ചികിത്സാ ക്രമങ്ങളും കുത്തിവയ്പ്പും, പ്രായോഗിക പരിശീലനം, പ്രൊജക്റ്റ് നിർമ്മാണം

എന്നിവയിൽ വിദഗ്ധർ ക്ലാസ്സെടുക്കുന്നു. 500 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചിട്ടുള്ള പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0487-2370773, 9447789728, 9074403449 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ആസ്കി വഴി സൗജന്യ പരിശീലനം

കർഷകർക്കും, വനിതകൾക്കും ഒട്ടേറെ മേഖലകളിൽ സൗജന്യ കൃഷി പരിശീലനം നേടാൻ ആഗ്രികൾച്ചറൽ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യ ആസ്കി അവസരമൊരുക്കുന്നു. മൃഗസംരക്ഷണം, ക്ഷീരവികസനം, തേനീച്ചവളർത്തൽ, കൂൺ കൃഷി, പഴം-പച്ചക്കറി സംസ്കരണം, കമ്പോസ്റ്റ് നിർമാണം എന്നിങ്ങനെ ഭിന്നമേഖലകളിൽ പരിശീലനം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തെ കൃഷി വകുപ്പ് സ്ഥാപനമായ സമേതിയുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 8943391968.

## അറിയിപ്പ്

കർഷകർക്കുള്ള പ്രത്യേക അറിയിപ്പ് ഇനി പറയുന്നു. ഈ സമയങ്ങളിൽ വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഓണവാഴയ്ക്ക് നന തുടരണം. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വെപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക. വാഴയുടെ കായചീയൽ ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിലൂടെ പകരുന്നതിനാൽ ബ്ലീച്ചിങ്ങ് പൗഡർ

വലിയ കിഴികളാക്കി വെള്ളം തോട്ടത്തിലേയ്ക്ക് കടക്കുന്ന ഭാഗത്ത് വെയ്ക്കുക. ഇത് വെള്ളത്തിലുള്ള ബാക്ടീരിയയെ നശിപ്പിക്കും. കൂടാതെ കോപ്പർ ഓക്സി ക്ലോറൈഡ് പൊടി ഒരു ലിറ്റർ വെള്ളത്തിൽ നാല് ഗ്രാം എന്ന കണക്കിൽ ലയിപ്പിച്ച് ലായനി വാഴയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നതും നല്ലതാണ്.